# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1411 — 14.6.2013-ൽ മറുപടിക്ക്

### ശുചിത്വ കേരള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാത്യു. റ്റി. തോമസ്<br>'' ജോസ് തെറ്റയിൽ<br>'' സി. കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) 2011 ഒക്ടോബർ മുതലുള്ള ഒരു വർഷകാലം ശുചിത്വകേരള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടായിരുന്നു ; അതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | എ) 2011 ഒക്ടോബർ മുതൽ 2012 ഒക്ടോബർ വരെയുള്ള ഒരു വർഷം ശുചിത്വ വർഷം പ്രോജക്ടിന്റെ ഭാഗമായി നിശ്ചയിച്ചിരുന്ന പ്രകാരം സംസ്ഥാന/ജില്ലാതല ഉത്ഘാടനങ്ങളും, നിയമസഭ നിയോജക മണ്ഡലതല ഉത്ഘാടനങ്ങളും സംഘടിപ്പിച്ചു. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് വലിയ പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ളാന്റുകളിലെ കുറവുകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർധിപ്പിച്ച് നിശ്ചയിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 22 കോടി രൂപ 28 നഗരസഭകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ സംസ്ഥാനത്താകെ ബൃഹത്തായ ഐ.ഇ.സി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വിശേഷാൽ ഗ്രാമസഭകൾ/വാർഡ് സഭകൾ, കുടുംബശ്രീ മുഖേനയുള്ള വിവിധപ്രവർത്തനങ്ങൾ, അയൽക്കൂട്ട ആരോഗ്യദായക വോളന്റിയർ പരിശീലനം, ശുചിത്വ പ്രവർത്തനങ്ങൾ, കലാസാംസ്കാരിക പ്രവർത്തകർ, വ്യവസായ വ്യാപാര സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ, റേഡിയോ, റ്റി.വി സന്ദേശങ്ങൾ, വ്യക്തിഗത പരിസര ശുചിത്വ ബോധവത്കരണം, ക്ളാസുകൾ, പരിശീലനങ്ങൾ, പ്രോജക്ട് ക്ളിനിക്കുകൾ, ഗ്രന്ഥ ശാലകൾ കേന്ദ്രീകരിച്ചുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ടെക്നോളജി വർക്ക് ഷോപ്പുകൾ, സ്കൂൾ ശുചിത്വാരോഗ്യ പരിപാടികൾ, വെക്കേഷൻ ക്ളാസ്സുകൾ, തൊഴിലുറപ്പു |

പദ്ധതി മെയ്റ്റുമാർക്കുള്ള പരിശീലനങ്ങൾ എന്നിങ്ങനെ വളരെ വിപുലമായ ഐ.ഇ.സി പരിപാടികളാണ് സംഘടിപ്പിച്ചത്.

| | | | |
|---|---|---|---|
| ബി) | മാലിന്യ സംസ്കരണത്തിന് നാനോ ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കണമെന്ന് സർവ്വ കക്ഷി യോഗത്തിൽ തീരുമാനം ഉണ്ടായിരുന്നോ ; | ബി) | ഇല്ല. |
| സി) | ഇക്കാര്യങ്ങളിൽ എന്തെങ്കിലും നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ